## 3 മിനുറ്റ് പ്രവചനക്കുറിപ്പ് തയ്യാറാക്കുവാൻ സഹായകരമായ, പ്രവചനത്തിനുള്ള ഉദാഹരണ-വിഷയങ്ങൾ
## 2025-ITERO-S—ദൂത് മൂന്ന്—കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ശക്തിയുടെ മൂന്ന് സാരാംശങ്ങളാൽ—പ്രാർഥനയാലും, ആത്മാവിനാലും, വചനത്താലും—ഒരുമനസ്സ് നിലനിർത്തുന്നു

### ദിവസം 1

**വിഷയം 1**

Prayer, the Spirit, and the Word were used for the carrying out of God's economy (Acts 1:14, 8)
(Please illustrate that in order to maintain the unique one accord we all have to learn to do the same thing by the same way.)

പ്രാർത്ഥന, ആത്മാവ്, വചനം എന്നിവ ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുവാൻ ഉപയോഗിക്കപ്പെട്ടു (പ്രവൃ 1:14, 8)
(നിസ്തുലമായ ഒരു മനസ്സ് നിലനിർത്തുവാൻ നാമെല്ലാവരും ഒരേ രീതിയിൽ ഒരേ കാര്യം ചെയ്യുവാൻ പഠിക്കേണ്ടതുണ്ട് എന്നത് ദയവായി വിശദമാക്കുക.)

**വിഷയം** 2

Toiling in the Word, laboring in prayer, and being diligent in dealing with the Holy Spirit (Acts 1:8, 4:31)
(Please illustrate that we have to spend much time to get into the Word; we have to contact Him day by day and hour after hour; then we will be the right person.)

വചനത്തിൽ അധ്വാനിക്കുക, പ്രാർത്ഥനയിൽ അത്യദ്ധ്വാനം ചെയ്യുക, പരിശുദ്ധാത്മാവിനോട് ഇടപെടുന്നതിൽ ഉത്സാഹമുള്ളവരായിരിക്കുക (പ്രവൃ 1:8, 4:31)
(വചനത്തിലേക്ക് പ്രവേശിക്കുവാൻ നാം ധാരാളം സമയം ചെലവഴിക്കേണ്ടതുണ്ട്; നാം അവനുമായി ദിനംപ്രതിയും മണിക്കൂറുകൾതോറും ബന്ധപ്പെടണം; അപ്പോൾ നാം ശരിയായ വ്യക്തിയായിത്തീരും എന്നത് ദയവായി വിശദമാക്കുക.)

### ദിവസം 2

**വിഷയം 3**

Truth sanctifies, and sanctification issues in oneness (John 17:17, 21)
(Please illustrate that our need is to have the Triune God infused into us through the Word. This infusion works to sanctify us and transform us. )

സത്യം വിശുദ്ധീകരിക്കുന്നു, വിശുദ്ധീകരണം ഒരുമയിൽ പരിണമിക്കുന്നു (യോഹ 17:17, 21)
(വചനത്തിലൂടെ ത്രിയേക ദൈവം നമ്മിലേക്ക് നിവേശം ചെയ്യപ്പെടുക എന്നതാണ് നമ്മുടെ ആവശ്യം എന്നത് ദയവായി വിശദമാക്കുക. ഈ നിവേശം നമ്മെ വിശുദ്ധീകരിക്കുവാനും രൂപാന്തരപ്പെടുത്തുവാനും പ്രവർത്തിക്കുന്നു.)

**വിഷയം** 4

Sanctification issues in the genuine oneness because this sanctification keeps us in the Triune God (John 17:17, 21)
(Please illustrate that if we desire to have the genuine oneness in the church life, we need the sanctifying truth to deal with our ambition.)

വിശുദ്ധീകരണം യഥാർത്ഥ ഒരുമയിൽ പരിണമിക്കുന്നു, കാരണം ഈ വിശുദ്ധീകരണം നമ്മെ ത്രിയേക ദൈവത്തിൽ നിലനിർത്തുന്നു (യോഹ 17:17, 21)
(സഭാജീവിതത്തിൽ യഥാർത്ഥ ഒരുമ ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മുടെ അതിമോഹത്തോട് ഇടപെടേണ്ടതിന് വിശുദ്ധീകരിക്കുന്ന സത്യം നമുക്ക് ആവശ്യമാണ് എന്നത് ദയവായി വിശദമാക്കുക.)

## ദിവസം 3

**വിഷയം 5**

A third cause of division is self-exaltation, which usually accompanies ambition (John 17:22-23)
(Please illustrate that in order to keep the genuine oneness, we must learn not to exalt ourselves.)

വിഭാഗീയതയുടെ മൂന്നാമത്തെ കാരണം സ്വയം-ഉയർത്തലാണ്, അത് സാധാരണയായി അതിമോഹത്തോടൊപ്പം വരുന്നു (യോഹ 17:22-23)
(യഥാർത്ഥ ഒരുമ കാത്തുസൂക്ഷിക്കുവാൻ, നാം നമ്മെത്തന്നെ ഉയർത്താതിരിക്കുവാൻ പഠിക്കണം എന്നത് ദയവായി വിശദമാക്കുക.)

**വിഷയം 6**

The fourth factor of division is opinion and concept (John 17:22, Col. 1:18)
(Please illustrate that the four factors of division—worldliness, ambition, self-exaltation, and opinion—can be dealt with only by the sanctifying truth.)

വിഭാഗിയതയുടെ നാലാമത്തെ ഘടകം അഭിപ്രായവും ധാരണയുമാണ് (യോഹ 17:22, കൊലൊ 1:18)
(വിഭാഗീയതയുടെ നാല് ഘടകങ്ങളായ—ലൗകികത്വം, അതിമോഹം, സ്വയം-ഉയർത്തൽ, അഭിപ്രായം—എന്നിവയോട് വിശുദ്ധീകരിക്കുന്ന സത്യത്താൽ മാത്രമേ ഇടപെടപ്പെടുവാൻ കഴിയൂ എന്നത് ദയവായി വിശദമാക്കുക.)

## ദിവസം 4

**വിഷയം 7**

In order to be in the Triune God, we must move out of ourselves (Eph. 4:4-6)
(Please illustrate that when we are in ourselves, we cannot be one with others.)

ത്രിയേക ദൈവത്തിൽ ആയിരിക്കുവാൻ, നാം നമ്മിൽ നിന്ന് പുറത്തുവരണം (എഫെ 4:4-6)
(നാം നമ്മിൽത്തന്നെ ആയിരിക്കുമ്പോൾ, നമുക്ക് മറ്റുള്ളവരുമായി ഒന്നായിരിക്കുവാൻ കഴിയില്ല എന്നത് ദയവായി വിശദമാക്കുക.)

**വിഷയം 8**

Real oneness is not merely relatedness, nor is it merely coordination. It is the growth in life (Eph. 4:4-6)
(Please illustrate that to grow in life means that we move out of ourselves and into the Triune God and allow Christ to live in us.)

യഥാർത്ഥ ഒരുമ കേവലം ബന്ധം മാത്രമല്ല, ഏകോപനവുമല്ല. അത് ജീവനിലുള്ള വളർച്ചയാണ് (എഫെ 4:4-6)

(ജീവനിൽ വളരുക എന്നതിനർത്ഥം നാം നമ്മിൽ നിന്ന് പുറത്തുവന്ന് ത്രിയേക ദൈവത്തിലേക്ക് പ്രവേശിക്കുകയും ക്രിസ്തുവിനെ നമ്മിൽ ജീവിക്കുവാൻ അനുവദിക്കുകയും ചെയ്യുക എന്നതാണ് എന്നത് ദയവായി വിശദമാക്കുക.)

## ദിവസം 5

### വിഷയം 9

Praying ourselves into God and of praying God into us (Acts 1:14, 22:17)
(Please illustrate that the prayer that we need is the prayer that brought in the outpouring of the Spirit.)

നമ്മെത്തന്നെ ദൈവത്തിലേക്ക് പ്രാർത്ഥിക്കുന്നതും ദൈവത്തെ നമ്മിലേക്ക് പ്രാർത്ഥിക്കുന്നതും (പ്രവൃ 1:14, 22:17)
(നമുക്ക് ആവശ്യമുള്ള പ്രാർത്ഥന, ആത്മാവിന്റെ പകരലിനെ കൊണ്ടുവന്ന പ്രാർത്ഥനയാണ് എന്നത് ദയവായി വിശദമാക്കുക.)

### വിഷയം 10

All the kinds of prayers in the book of Acts (Acts 10:9, 22:17)
(Please illustrate that the book of Acts is a record of the activities of the apostles, and the apostles' activities were always matched by their prayers.)

പ്രവൃത്തികളുടെ പുസ്തകത്തിലെ എല്ലാത്തരം പ്രാർത്ഥനകളും (പ്രവൃ 10:9, 22:17)
(പ്രവൃത്തികളുടെ പുസ്തകം അപ്പൊസ്തലന്മാരുടെ പ്രവർത്തനങ്ങളുടെ ഒരു രേഖയാണ്, അപ്പൊസ്തലന്മാരുടെ പ്രവർത്തനങ്ങൾ എല്ലായ്പ്പോഴും അവരുടെ പ്രാർത്ഥനകളാൽ ചേർന്നുപോയിരുന്നു എന്നത് ദയവായി വിശദമാക്കുക.)

## ദിവസം 6

### വിഷയം 11

We need to persevere in prayer because prayer involves a battle, a fight (Eph. 6:18, Col. 4:2)
(Please illustrate that God's chosen and redeemed people, the ones who will actually decide the outcome of the battle.)

പ്രാർത്ഥനയിൽ ഒരു യുദ്ധവും പോരാട്ടവും ഉൾപ്പെടുന്നതിനാൽ നാം പ്രാർത്ഥനയിൽ ഉറ്റിരിക്കേണ്ടതുണ്ട് (എഫെ 6:18, കൊലൊ 4:2)
(ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ടവരും വീണ്ടെടുക്കപ്പെട്ടവരുമായ ജനം, യുദ്ധത്തിന്റെ ഫലം യഥാർത്ഥത്തിൽ തീരുമാനിക്കുന്നവരാണ് എന്നത് ദയവായി വിശദമാക്കുക.)

### വിഷയം 12

Every step of God's recovery involves His enemy, and every step requires warfare (Eph. 6:18, Col. 4:2)
(Please illustrate that we must fight and be watchful in everything we do and in every step we take.)

ദൈവത്തിന്റെ പ്രത്യുദ്ധാരണത്തിന്റെ ഓരോ ചുവടും അവന്റെ ശത്രുവിനെ ഉൾക്കൊള്ളുന്നു, ഓരോ ചുവടിനും യുദ്ധം ആവശ്യമാണ് (എഫെ 6:18, കൊലൊ 4:2)
(നാം ചെയ്യുന്ന എല്ലാ കാര്യങ്ങളിലും നാം എടുക്കുന്ന ഓരോ ചുവടിലും നാം പോരാടുകയും ജാഗ്രതയുള്ളവരായിരിക്കുകയും വേണം എന്നത് ദയവായി വിശദമാക്കുക.)